# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/167/2018 2018 ആഗസ്റ്റ് 01

## പത്രക്കുറിപ്പ്

### എം.ജി.യിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് സേവനങ്ങൾ ഉദ്ഘാടനം ചെയ്തു

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കോഴ്സ് സർട്ടിഫിക്കറ്റ്, കോളേജ് മാറ്റം, കോളേജ് പുനഃപ്രവേശനം, ഹാജർ കുറവ് പരിഹരിക്കുന്നതിനുള്ള കൺഡൊണേഷൻ സർട്ടിഫിക്കറ്റ് എന്നീ സേവനങ്ങൾ ഓൺലൈനാകുന്നതിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. സർവ്വകലാശാലയിൽ സേവനങ്ങളും സർട്ടിഫിക്കറ്റുകളും ഓൺലൈനാക്കുമെന്ന് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ആദ്യപടിയായി ഫീസുകൾ, എലിജിബിലിറ്റി/തുല്യത/മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ ഓൺലൈൻ സേവനമാക്കിയിരുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. എ. ജോസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഓൺലൈനായി അപേക്ഷിക്കുന്നവർക്ക് ഓരോ ഘട്ടത്തിലും എസ്.എം.എസ്. അലർട്ട് നൽകുകയും സർട്ടിഫിക്കറ്റിന്റെ പ്രിന്റൗട്ട് അപേക്ഷകന് ലഭ്യമാക്കുകയും ചെയ്യും. അടുത്ത ജനുവരി മുതൽ എല്ലാ സർട്ടിഫിക്കറ്റുകളും സർവ്വകലാശാല ഓൺലൈനായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ ഡോ. കെ. ഷെറഫുദ്ദീൻ അറിയിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് സേവനങ്ങളുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു**

**ബി.എസ്.സി. മേഴ്സി ചാൻസ് പുനഃപരീക്ഷ**

2016 ഡിസംബർ 15ന് നടത്തുവാൻ നിശ്ചയിച്ചിരുന്നതും പിന്നീട് റദ്ദാക്കുകയും ചെയ്ത മൂന്നാം വർഷ മോഡൽ 1 ബി.എസ്.സി. മാത്തമാറ്റിക്സ്, പാർട്ട് 3 മെയിൻ (ആനുവൽ സ്കീം) പേപ്പർ 6 - കോംപ്ലക്സ് അനാലിസിസ് - മേഴ്സി ചാൻസ് പരീക്ഷയുടെ പുനഃപരീക്ഷ 2018 ആഗസ്റ്റ് 30ന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തുവാൻ നിശ്ചയിച്ചു. ഫീസടയ്ക്കേണ്ടതില്ല.

**പ്രാക്ടിക്കൽ**

2018 ജൂൺ/ജൂലൈ മാസങ്ങളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ബി. എ. മ്യൂസിക് വയലിൻ (കോർ/കോംപ്ലിമെന്ററി - സി.ബി.സി.എസ്. റഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 7 മുതൽ 9 വരെ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം.

2017 ഒക്ടോബർ മാസത്തിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. സിറിയക് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 13 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. അനലിറ്റിക്കൽ കെമിസ്ട്രി, പോളിമർ കെമിസ്ട്രി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 14 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം.

2018 മാർച്ച് മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്. - മോഡൽ 1, 2, 3 - 2013-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം.

2018 ജൂലൈ മാസത്തിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ് (മാനേജ്മെന്റ് സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**'റമഡിയൽ കോച്ചിംഗ് ആന്റ് കൗൺസലിംഗ്' ദ്വിദിന ശില്പശാല ഉദ്ഘാടനം ചെയ്തു**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ പഠന വൈകല്യമുള്ളവർക്കായുള്ള റമഡിയൽ കോച്ചിംഗ് ആന്റ് കൗൺസലിംഗ് എന്ന വിഷയത്തിലെ ദ്വിദിന ശില്പശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. IUCDS ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, ഹേന എൻ.എൻ. എന്നിവർ സംസാരിച്ചു. ഡോ. അനിലകുമാരി എം.സി. ക്ലാസ്സുകൾ നയിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ പഠന വൈകല്യമുള്ളവർക്കായുള്ള മെഡിയൽ കോച്ചിംഗ് ആന്റ് കൗൺസലിംഗ് എന്ന വിഷയത്തിലെ ദ്വിദിന ശില്പശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷാ പരിശീലനം**

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക്, കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്ക് തസ്തികകളിലേക്കുള്ള നിയമനത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്ന തീവ്ര പരിശീലന പരിപാടിയിൽ ഏതാനും സീറ്റൊഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**